**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

18.12.2014 -ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4783

## തിരുവനന്തപുരം-മണക്കാട് വില്ലേജിൽ കൈവശഭൂമിക്ക് പട്ടയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം-മണക്കാട് വില്ലേജിൽ അമ്പലത്തറ വാർഡിലെ കല്ലടി മുഖം, ചൂരൽ തോപ്പ്, മുട്ടാറ്റുവരമ്പ് എന്നിവിടങ്ങളിൽ ബണ്ട് പുറമ്പോക്കിൽ 30 വർഷത്തിലേറെയായി താമസിക്കുന്ന നൂറിലധികം കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമിക്ക് എന്നത്തേയ്ക്ക് പട്ടയം കൊടുക്കുമെന്നും ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുവരെയെത്തി എന്നും വിശദമാക്കുമോ? | (എ) ബണ്ട് പുറമ്പോക്കിലെ നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സംയുക്ത പരിശോധനയ്ക്ക് ശേഷം 121 അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് മണക്കാട് വില്ലേജാഫീസർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കക്ഷികൾക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി പതിവ് റിക്കാർഡുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി റീസർവ്വേ പ്രകാരം ഓരോ കുടുംബത്തിന്റേയും കൈവശഭൂമിയുടെ അളവ് നിശ്ചയിച്ച് സ്കെച്ച് ഉൾപ്പെടെയുള്ള മറ്റ് രേഖകൾ തയ്യാറാക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കുന്നതിനായി ജില്ലാ സർവ്വേ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നതുമാണ്. സർവ്വേ നടപടികൾ പൂർത്തിയായാലുടനെ പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**